**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2689** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര സംരംഭകർക്ക് സഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷം മുതലാണ് 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ ബാങ്ക് വായ്പ എടുത്തു ആരംഭിക്കുന്ന സംരംഭങ്ങൾക്ക്, എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്.<br><br>'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതി യുടെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 1604 സംരംഭകർക്കായി 2,03,54,462/- രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സ്ത്രീ സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാളിതുവരെ **471** സ്ത്രീ സംരംഭകർക്കായി **55,21,828/-** രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതി വഴി കൂടുതൽ സ്ത്രീ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന് തുടർന്നും നടപടികൾ സ്വീകരിക്കുമോ? | (സി) | 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' ഒരു തുടർ പദ്ധതിയാണ്. അതിനാൽ തന്നെ ടി പദ്ധതി വഴി കൂടുതൽ സ്ത്രീ സംരംഭകർക്ക് സഹായം നേടാവുന്നതാണ് . |

സെക്ഷൻ ഓഫീസർ